"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ വകുപ്പിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്കായുള്ള കരട് വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (CMD) നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2022/2025/LSGD തീയതി,തിരുവനന്തപുരം, 14-08-2025

---

പരാമർശം:- 1. ലോക്കൽ ഗവൺമെന്റ് കമ്മിഷൻ ചെയർമാന്റെ 23/7/2021 ലെ LGC/52/2021 നം.കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ വകുപ്പിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ജനപ്രതിനിധികൾ, സംഘടനകൾ, ജീവനക്കാർ എന്നിവരുടെ നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചിരുന്നു. തുടർന്ന് സർക്കാർ ഇക്കാര്യം പരിശോധിക്കുകയും കണ്ടിജന്റ് വിഭാഗം ജീവനക്കാർക്കു മാത്രമായി വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കുവാൻ തീരുമാനിക്കുകയുമുണ്ടായി. ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്കായി കരട് വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (CMD) നെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

കരട് വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടുള്ള ചെലവുകൾക്കായി പ്രിൻസിപ്പൽ ഡയറക്ടേറ്റിലെ Capacity Building Fund ൽ നിന്ന് തുക അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നല്കിക്കൊണ്ടും സർവ്വീസ് രേഖകൾ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന് കൈമാറുന്നതിന് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, തിരുവനന്തപുരം.
ചെയർമാൻ, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (CMD), തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 18-08-2025 15:22:23
സെക്ഷൻ ഓഫീസർ

പകർപ്പ് -

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി - II യുടെ പി.എ യ്ക്ക്.